സാഹചര്യങ്ങളും ഉണ്ടെങ്കിലോ അക്കാര്യത്തിൽ പരിഹാരം ഉണ്ടാക്കാം. കൺട്രോൾ ബോർഡ് ശുപാർശ ചെയ്തിരിക്കുന്നതനുസരിച്ചുള്ള വർദ്ധനവ് എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

(2) കിളിമാനൂർ കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോയിലെ അസൗകര്യങ്ങൾ

ശ്രീമതി ഭാർഗവി തങ്കപ്പൻ : സർ, കിളിമാനൂരിൽ കെ. എസ്. ആർ. ടി. സി. യുടെ ഒരു സബ് ഡിപ്പോ അഞ്ചുവർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതാണ്. ഇപ്പോൾ 25 ഷെഡ്യൂളുകളാണുള്ളത്. പല ബസുകളും കണ്ടം ചെയ്തതിനുപകരമായി ബസുകൾ ലഭിച്ചിട്ടില്ല. 50 ശതമാനം ബസ് സർവ്വീസുകൾ മാത്രമേ നടത്താൻ ഇപ്പോൾ കഴിയുന്നുള്ളു. ബസുകളുടെ അഭാവമാണിതിന് കാരണം. ഒരു വർക്ക്ഷോപ്പിന്റെ നിർമ്മാണം ആരംഭിച്ചിട്ട് 4 വർഷത്തോളമായി. ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ഫണ്ടില്ലാത്തതുകാരണമായി പറയുന്നുണ്ട്. വർക്ക്ഷോപ്പിന്റെ നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമേ കേടുപാടുകൾ സംഭവിക്കുന്ന ബസുകളുടെ റിപ്പയറിംഗ് പണി നടത്താനാകൂ എന്നുള്ളതുകൊണ്ട് ആവശ്യമായ തുക എത്രയും പെട്ടെന്ന് അനുവദിക്കേണ്ടതാണ്. പഞ്ചായത്തുകളുടെ ധനസഹായത്തോടുകൂടി നിർമ്മിച്ച ഒരു ഷെഡാണ് വർക്ക്ഷോപ്പായി ഇപ്പോഴുള്ളത്. അത് നിലംപൊത്താറായിട്ടുണ്ട്. ബസുകളുടെ റിപ്പയറിംഗിനു വേണ്ടി ടയറും സ്പെയർ പാർട്സുകളുമില്ല. ടയറും സ്പെയർ പാർട്സുകളും കൊടുക്കണം. ഒരു ഡീസൽ പമ്പില്ല. അതും എത്രയും പെട്ടെന്ന് ഉണ്ടാകണം. ബസ്സ്റ്റാന്റിന്റെ തറ എത്രയും പെട്ടെന്ന് ടാറിടണം. ഇപ്പോൾ ഗ്രൗണ്ടിൽ ബസ് കയറിയിറങ്ങുമ്പോൾ ചല്ലി യാത്രക്കാരുടെ ദേഹത്ത് തെറിച്ചുവീണ് അപകടം സംഭവിക്കാറുണ്ട്.

സർ, അവിടെ സ്ത്രീകൾക്കുപോലും ഒരു മൂത്രപ്പുരയില്ല. മൂത്രപ്പുര എത്രയും പെട്ടെന്ന് കെട്ടിക്കൊടുക്കുവാൻ നടപടി സ്വീകരിക്കണം. മഴ പെയ്താൽ ബസിനുള്ളിൽ മാത്രമല്ല ആഫീസ് കെട്ടിടങ്ങളിലും ഗ്യാരേജിലുമൊക്കെ ജലപ്രളയമായിരിക്കും. വർക്ക്ഷോപ്പ് വാൻ കണ്ടീഷനിൽ അല്ല. നല്ല കണ്ടീഷനുള്ള ഒരു വർക്ക്ഷോപ്പ് വാൻ നൽകണം. ഫ്ളഡ് ലൈറ്റുകൾക്ക് നല്ല വെളിച്ചമില്ല. നല്ല പ്രകാശമുള്ള ഫ്ളഡ് ലൈറ്റുകൾ നൽകണം.

അവിടെയുള്ള ആകെ ജീവനക്കാർ 186 ആണ്. ഒരു എ. ടി. ഒ. യെ നിയമിച്ചിട്ടില്ല. ഉടനെ നിയമിക്കണം. അവർക്ക് കാന്റീനോ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളോ ഇല്ല. മെക്കാനിക്കൽ സ്റ്റാഫിന്റെ എണ്ണം ഷെഡ്യൂളിന് ആനുപാതികമായി വർദ്ധിപ്പിക്കണം. ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തുകൊണ്ട് യാത്രക്കാരുടെയും. നാട്ടുകാരുടെയും പരാതിക്ക് പരിഹാരം കാണണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, കിളിമാനൂർ ഓപ്പറേറ്റിംഗ് സെന്ററിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗവുമായി ഞാൻ നേരത്തെ ചർച്ച നടത്തിയതാണ്. അവിടത്തെ ബുദ്ധിമുട്ടുകളെക്കുറിച്ച് മാനേജുമെന്റിനും ഗവൺമെന്റിനും നന്നായിട്ട് അറിയാം. 18-8-1986-ൽ കിളിമാനൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും പത്ത് ബസുകളാണ് ഓടിക്കാൻ കഴിഞ്ഞത്. അവിടെയാകെ 23 ബസുകളാണുണ്ട്. ബാക്കിയുള്ളവ കേടുപാടുകൾ സംഭവിച്ചു കിടക്കുകയായിരുന്നു. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

18-9-1886-നു ശേഷം വണ്ടികൾ റിപ്പെയർ ചെയ്യുവാനും മെയിൻറനൻസ് നടത്തുവാനും ശ്രമിച്ചതിന്റെ ഫലമായി 14-11-1986 ആയപ്പോഴേക്കും 16 വണ്ടികൾ ഓടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 23 വണ്ടികളിൽ 16 വണ്ടികൾ ഓടിപ്പിക്കുവാൻ കഴിഞ്ഞു എന്നു പറയുന്നത് 50 ശതമാനത്തിനു മേലെ വണ്ടികൾ ഓടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. പൂർണ്ണമായും ദേശവൽക്കരിച്ചിട്ടുള്ള കിളിമാന്നൂർ-പാലോട്, കിളിമാന്നൂർ-തിരുവനന്തപുരം എന്നീ റൂട്ടുകളിലാണ് മുടങ്ങാതെ വണ്ടികൾ ഓടിപ്പിക്കാൻ ശ്രമിക്കുന്നത്. ബാക്കി റൂട്ടുകളിലൊക്കെ സ്വകാര്യ ബസുകളുടെ സൗകര്യം കൂടിയുള്ളതുകൊണ്ട് അംഗം സൂചിപ്പിച്ചതുപോലെ അത്ര ഗുരുതരമായ അവസ്ഥയുണ്ടെന്നു തോന്നുന്നില്ല. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെട്ടു വരുന്നുണ്ട്. ആ മുറയ്ക്ക് ഈ ബസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ കഴിയും. 16 ലക്ഷം രൂപ ചെലവു വരുന്ന ഒരു കെട്ടിടത്തിന്റെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. മൂന്നു ലക്ഷം രൂപ ഇപ്പോൾ പെൻഡിങ്ങിലാണ്. ഇതു കൊടുത്തുകഴിഞ്ഞാൽ ആ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അതോടൊപ്പം തന്നെ ഇന്നു കാണുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനും കഴിയും.

(3) പെറുകുന്ന് ഗവൺമെൻറ് ഗേൾസ് ഹൈസ്ക്കൂളിന് കോമ്പൗണ്ട് വാൾ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി പി. ദേവൂട്ടി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും ഞാൻ താമസിക്കുന്ന പഞ്ചായത്തിലുള്ളതുമായ ഗവൺമെൻറ് പെറുകുന്ന് ഗേൾസ് ഹൈസ്ക്കൂളിന് ഒരു കോമ്പൗണ്ട് വാൾ ഇല്ലാത്തതിനാൽ വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുകയാണ്. സാമൂഹ്യദ്രോഹികൾ വളരെയധികം ഉപദ്രവിക്കുകയാണ്. ആടുമാടുകളുടെ വിഹാരകേന്ദ്രമായി ആ ഗ്രൗണ്ട് മാറിക്കഴിഞ്ഞിരിക്കുന്നു. വഴിത്തിരിവുകളുടെ കൂമ്പാരമാണ്. അതൊരു പൊതുവഴിയായിട്ടാണ് ജനങ്ങൾ കണക്കാക്കുന്നത്. എന്നാൽ അവിടെ അപകടമോ അപമാനമോ സംഭവിക്കാതിരിക്കുന്നത് ആ പ്രദേശത്തുള്ള ആളുകൾ ഗേൾസ് ഹൈസ്ക്കൂൾ എന്ന നിലയിൽ അതിനെ പ്രത്യേകം ശ്രദ്ധിക്കുന്നതുകൊണ്ടാണ്. പലപ്രാവശ്യം ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്; എഴുതി കൊടുത്തതുമാണ്. ഇതു സംബന്ധിച്ച് ഹെഡ് ടീച്ചർ ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിലും പെടുത്തിയതാണ്. ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യം മന്ത്രി പ്രസംഗിക്കുമ്പോൾ പറഞ്ഞു 'പെൺകുട്ടികൾക്ക് ധൈര്യമായി മൂത്രമൊഴിക്കാൻ എല്ലാ സ്ക്കൂളുകളിലും മൂത്രപ്പുരകൾ ഉണ്ട്' എന്ന്, പക്ഷേ മൂത്രപ്പുരയുണ്ടായതുകൊണ്ടുമാത്രം ഗേൾസ് ഹൈസ്ക്കൂളിന് സംരക്ഷണം ആകുകയില്ല. ഒരു കോമ്പൗണ്ട് വാളില്ലാതെ മൂത്രപ്പുരയുണ്ടായാൽ എങ്ങനെ ധൈര്യമായി പെൺകുട്ടികൾ മൂത്രമൊഴിക്കാൻ പോകും? നമ്മുടെ രാജ്യത്തുണ്ടാകുന്ന സ്ഥിതിഗതികൾ പരിശോധിച്ചാൽ സ്ത്രീകളെ സംബന്ധിച്ചും പെൺകുട്ടികളെ സംബന്ധിച്ചും സംരക്ഷണം വളരെ ആവശ്യമാണ്. ഈ ഗേൾസ് ഹൈസ്ക്കൂളിന് ഒരു കോമ്പൗണ്ട് വാൾ അടിയന്തിരമായി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ ആവശ്യം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ചോദിച്ചിരുന്നു. കോമ്പൗണ്ട് വാൾ നിർമ്മിക്കണമെന്ന ആവശ്യം പെട്ടെന്ന് തന്നെ

LIBRARY ARCHIVES Kerala Legislative Assembly